AIM HIGH, TOGETHER WE FLY

# THE VILLAGE
INTERNATIONAL SCHOOL

"We Nurture Dreams"

| LANGUAGE-2 GRADE-X | MT-3(2023-2024) MALAYALAM | Max.Marks-20 Time-50min |
|---|---|---|

| | | |
|---|---|---|
| **I** | ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | **5*1=5** |
| | പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന് പൂർവാർദ്ധത്തിലും ആണ് റൊമാന്റിക് പ്രസ്ഥാനം ഇംഗ്ലീഷ് സാഹിത്യത്തിൽ സജീവമായി ആവിർഭവിച്ചത്. വേർഡ്സ് വർത്ത്.കിറ്റ്സ്,ബൈറൽ,ഷെല്ലി മുതലായ പ്രതിഭാശാലികളാണ് റൊമാന്റിക് പ്രവണത ഉൾക്കൊണ്ട കാവ്യങ്ങൾ രചിച്ച് സുസ്മരണീയരായിത്തീർന്നത്. വിപ്ലവകാരികളായ കഥാപാത്രങ്ങളെ അവതരിപ്പിക്കാനും കാവ്യ രചനയിൽ പുതിയ പരീക്ഷണങ്ങൾ നടത്താനും റൊമാന്റിക് കവികൾ സന്നദ്ധരായി. ക്ലാസിക്കൽ വസ്തുക്കളുടെ ശാശ്വത സ്വഭാവം കാണുമ്പോൾ കാൽപ്പനിക കവികൾ അവയുടെ താത്കാലിക സ്വഭാവം മാത്രമേ കാണുന്നുള്ളൂ. പുതിയ പുതിയ കാവ്യ സങ്കേതങ്ങൾ തേടിപ്പോകുന്ന ഈ കവികൾ സർഗ്ഗസ്വാതന്ത്ര്യത്തിന് പരമ പ്രാധാന്യം കൽപ്പിക്കുന്നു. ജീവിതത്തെ സ്വന്തം ഭാവനയ്ക്ക് അനുസരണമായി നിറം പിടിപ്പിച്ചാലേ കാല്പനിക കവിക്ക് തൃപ്തി വരികയുള്ളൂ. വികാരത്തിന്റെയും സൗന്ദര്യത്തിന്റെയും പുതുലോകം സൃഷ്ടിക്കുന്ന ഈ കവികൾ അനുവാചക ഹൃദയങ്ങളെ പെട്ടെന്ന് ആകർഷിക്കുന്നു. കാല്പനിക പ്രസ്ഥാനത്തിന്റെ പൊതുസ്വഭാവം എല്ലാം ഉൾക്കൊണ്ടതാണ് മലയാളത്തിലെ ഖണ്ഡകാവ്യങ്ങൾ. ആശാൻ,വള്ളത്തോൾ,ഉള്ളൂർ, ചങ്ങമ്പുഴ,വിസി, ഇടപ്പള്ളി, തുടങ്ങിയവർ കാല്പനിക പ്രസ്ഥാനത്തിന്റെ ശക്തി കേന്ദ്രങ്ങളാണ് | |
| 1. | പാശ്ചാത്യദേശത്തെ പ്രമുഖരായ ആദ്യകാല റൊമാന്റിക് കവികൾ ആരൊക്കെയായിരുന്നു | |
| 2. | ക്ലാസിക് കവിത റൊമാന്റിക് കവിതയിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നതെങ്ങനെ | |
| 3. | റൊമാന്റിക് കവിതയുടെ പ്രധാന പ്രത്യേകതകൾ എന്തെല്ലാം | |
| 4. | മലയാളത്തിലെ കാല്പനിക കവികളിൽ പ്രധാനികൾ ആരെല്ലാം | |

| | | |
|---|---|---|
| | ആയിരുന്നു | |
| 5. | ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക | |
| **II** | അർത്ഥം എഴുതുക | **1*2=2** |
| 6. | ഉഷസ്സ്<br>(ഭംഗി, പ്രഭാതം, സന്ധ്യ ) | |
| 7. | വെടക്കാക്കുക<br>(ചീത്തയാക്കുക, നല്ലതാക്കുക, കളയുക ) | |
| **III** | നാനാർത്ഥം എഴുതുക | **1*2=2** |
| 8. | മലർ<br>(പ്രകാശം, പൂവ്, ശത്രു ) | |
| 9. | പണ്ടം<br>(ആഭരണം, കണിശം, എഴുത്ത് ) | |
| **IV** | വിപരീതപദം എഴുതുക | **1*2=2** |
| 10. | കടം<br>(തെറ്റ്, കൊടുക്കൽ, മുതൽ) | |
| 11. | ഉറ്റ<br>(പിന്നിൽ, അറ്റ,ഏറ്റ) | |
| | ഉത്തരം എഴുതുക | **3*3=9** |
| 12. | മലയാള ദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെയെന്ന് കാവ്യഭാഗത്തുനിന്ന് കണ്ടെത്തി സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുക? | |
| 13. | ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് വർത്തമാനകാലത്ത് ഈ പ്രസ്താവം എത്രത്തോളം പ്രസക്തമാണെന്ന് ചർച്ച ചെയ്ത് ലേഖനം തയ്യാറാക്കുക? | |
| 14. | ."തന്റെ കണക്കൊക്കെ തെറ്റിലോ"എന്നു പറഞ്ഞു തിരിഞ്ഞു നോക്കാതെ നടക്കുന്ന ചാക്കുണ്ണിയുടെ ചിത്രം -അനുവാചകനിലുളവാക്കുന്ന വികാരം എന്ത്? വ്യക്തമാക്കുക | |

TVIS